വർഷത്തേക്കുള്ള ബഡ്ജറ്റിൽ ഒരു കോടി രൂപ മലയോര വികസന അതോറിറ്റിക്കുവേണ്ടി നീക്കിവച്ചിട്ടുണ്ട്. അതോറിറ്റിയുടെ പ്രവർത്തനം എത്രയുംവേഗം, അടുത്ത സാമ്പത്തിക വർഷംതന്നെ ഗവൺമെന്റ് ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

(6) വേണുക്കുട്ടിയുടെ സംശയാസ്പദമായ മരണത്തെ സംബന്ധിച്ച് അന്വേഷിക്കണമെന്ന ആവശ്യം

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, നെയ്യാറിൻകര താലൂക്കിലെ വിളവൂർക്കൽ വില്ലേജിൽ പെരുകാവിൽ പൊറ്റവിള വിദ്യാഭവനിൽ രാഘവൻ പിള്ളയുടെ മകൻ വേണുക്കുട്ടിയുടെ മൃതദേഹം 18-1-1996-ൽ രാവിലെ 11 മണിക്ക് ഒരു പൊട്ടക്കിണറിൽ നിന്ന് കണ്ടെടുത്തു. ഒരു നടപ്പാതയിൽനിന്നും ഏകദേശം നൂറ് അടി മാറിയാണ് ഈ പൊട്ടക്കിണർ, പോസ്റ്റ്മോർട്ടം എക്സാമിനേഷനൊക്കെകഴിഞ്ഞു ശവം മറവുചെയ്തു. പോസ്റ്റ്മോർട്ടം എക്സാമിനേഷന്റെ റിപ്പോർട്ടും മറ്റ് സാഹചര്യങ്ങളുമാകെ പരിശോധിച്ച്, ഞാനും ജനങ്ങളും വിശ്വസിക്കുന്നത് ഇത് ഒരു കൊലപാതകമാണെന്നാണ്. മലയിൻകീഴ് പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നുണ്ട്. എന്നാൽ അന്വേഷണത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. ഇതിനെക്കുറിച്ച് അന്വേഷിക്കുന്നതിനുവേണ്ടി അവിടെ നാട്ടുകാരുടെ ഒരു സമിതി ഉണ്ടാക്കി, ശക്തമായ നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സമിതിയുടെ കൺവീനർ ശ്രീ. പേയാട് ശശി ഒരു മെമ്മോറാണ്ടം മൂലം ഈ കാര്യം റൂറൽ ഡിസ്ട്രിക്ട് പോലീസ് സൂപ്രണ്ടിനേറെയും ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. എന്നാലും ഈ കാര്യങ്ങളെ സംബന്ധിച്ച് യാതൊരു പുരോഗതിയും അന്വേഷണത്തിൽ ഉണ്ടായിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനെ സംബന്ധിച്ച് അങ്ങയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച വേണുക്കുട്ടിയുടെ മരണത്തിൽ സംശയം പ്രകടിപ്പിച്ച് ഒരു ആക്ഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. അവർ ഈ കാര്യത്തെപ്പറ്റി ഒരു പരാതി തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് സൂപ്രണ്ടിനു നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കേസ് ഫയൽ ഒന്നുകൂടി പരിശോധിച്ച് വിശദമായ അന്വേഷണം നടത്തണമെന്ന് അന്വേഷണ ഉദ്യോഗസ്ഥൻമാരോട് ആവശ്യപ്പെട്ടിരിക്കുകയാണ്. കൂടാതെ ഊർജ്ജിതമായി കാര്യങ്ങൾ നീക്കാൻ ഗവൺമെന്റും നിർദ്ദേശം നൽകുന്നതാണ്.

(7) കണ്ണൂർ ജില്ലാ സഹകരണബാങ്ക് തെരഞ്ഞെടുപ്പിൽ നടന്നതായി പറയപ്പെടുന്ന അഴിമതി

ശ്രീ. ഇ. പി. ജയരാജൻ: സർ, കണ്ണൂർ ജില്ലാ സഹകരണ ബാങ്കിന്റെ തെരഞ്ഞെടുപ്പ് 9-3-1996-ന് ആയിരുന്നു. 943 സംഘങ്ങളാണ് അവിടെ ആകെ ഉണ്ടായിരുന്നത്. അതിൽ അറുനൂറിൽ കുറവ് സംഘങ്ങൾ മാത്രമാണ് സമയത്തിന് വന്ന് ഐഡന്റിറ്റി കാർഡ് വാങ്ങിയത്. ഐഡന്റിറ്റി കാർഡ് വാങ്ങേണ്ട അവസാന തീയതി 7-3-1996-ന്

LIBRARY ARCHIVES Kerala Legislative Assembly

വൈകുന്നേരം അഞ്ച് മണിവരെ ആയിരുന്നു. ആ സമയത്ത് എൽ. ഡി. എഫ്.-ന്റെ സ്ഥാനാർത്ഥികളായി മൽസരിക്കുന്ന ആളുകൾ ബാങ്കിൽ ചെന്ന് ബാങ്ക് മാനേജരോട് എത്ര ഐഡൻറിറ്റി കാർഡ് വിതരണം ചെയ്തിട്ടുണ്ട് എന്നും അതിന്റെ കോപ്പി തങ്ങൾക്ക് തരണം എന്നും ആവശ്യപ്പെട്ടു. അര മണിക്കൂർ ഇരുന്നാൽ അതിന്റെ കോപ്പി തരാമെന്ന് മാനേജർ പറഞ്ഞു. അര മണിക്കൂറിനകം ലിസ്റ്റിന്റെ കോപ്പി കിട്ടുമെന്നുള്ള പ്രതീക്ഷയിൽ അവർ അവിടെ ഇരിക്കുമ്പോൾ പോലീസ് വന്ന് അവിടെ ഇരുന്ന എൽ. ഡി. എഫ്.-ന്റെ മുഴുവൻ സ്ഥാനാർത്ഥികളേയും അറസ്റ്റ് ചെയ്ത് കൊണ്ടുപോയി. 9-ാം തീയതിയാണ് ഇലക്ഷൻ. ഇലക്ഷൻ രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെയാണ്. കണ്ണൂർ താവക്കര യു. പി. സ്കൂളിലാണ് ഇലക്ഷൻ. അവിടെ ആളുകൾ രാവിലെ 9 മണി മുതൽ വന്ന് വോട്ട് ചെയ്യുകയായിരുന്നു. ഏതാണ്ട് ഒന്നര മണിയായപ്പോൾ മുന്നൂറിലധികം വരുന്ന സഹകരണ സംഘങ്ങളുടെ പേരിൽ കള്ള ഐഡൻറിറ്റി കാർഡ് ഉണ്ടാക്കി പല സംഘത്തിന്റെയും പേരിൽ ആളുകൾ വോട്ട് ചെയ്യുകയാണെന്ന് ഞങ്ങൾക്ക് മനസ്സിലായി. ഇടതുപക്ഷമുന്നണിയുടെ സ്ഥാനാർത്ഥികൾ പോളിംഗ് ബൂത്തിൽവച്ച് ഇത് ഒബ്ജക്ട് ചെയ്തു. മിനിഞ്ഞാന്ന് ഞങ്ങളെ അറസ്റ്റ് ചെയ്തു കൊണ്ടുപോയതിനുശേഷം ജോയിൻറ് രജിസ്ട്രാറും റിട്ടേണിംഗ് ഓഫീസറും ബാങ്ക് മാനേജരുമെല്ലാം ഒളിവിൽ പോയി. എല്ലാവരും മൂന്നു ദിവസമായി ഒളിവിലാണ്. ഇവിടെ വന്നപ്പോൾ ഞങ്ങൾ കാണുന്നത് ഇങ്ങനെയാണ് എന്ന് പറഞ്ഞപ്പോൾ ഒൻപത് സ്ഥാനാർത്ഥികളേയും ഒൻപത് സ്ഥാനാർത്ഥികളുടെ രണ്ട് ബൂത്തിലുണ്ടായിരുന്ന 18 ഏജൻറുമാരേയും പോലീസ് അറസ്റ്റ് ചെയ്ത് കൊണ്ടുപോയി. അതിനുശേഷം അതിനകത്ത് കയറി ബാലറ്റ് പേപ്പർ വാങ്ങി കുത്തി ഇടുക എന്ന നീചമായിട്ടുള്ള നടപടി ആണ് അവർ സ്വീകരിച്ചത്. എന്തെങ്കിലും ഒരു മര്യാദ ഈ നാട്ടിൽ വേണ്ടേ? എന്തെങ്കിലും ഒരു നടപടിക്രമം വേണ്ടേ? ഭരണം കയ്യിലുണ്ട് എന്നതുകൊണ്ട് എന്തുമാകാം എന്നുള്ള നിലയിലാണ്. ഇതുപോലെ തന്നെയാണ് 17-ാം തീയതി കാർഷിക വികസന ബാങ്കിൽ നടന്ന തെരഞ്ഞെടുപ്പും. അവിടെ സംഘട്ടനങ്ങളും കുഴപ്പങ്ങളുമുണ്ടാകരുതെന്ന് ഞങ്ങൾ ആത്മാർത്ഥമായി ആഗ്രഹിച്ചതുകൊണ്ട് ഞങ്ങൾ ആ തെരഞ്ഞെടുപ്പിൽ പങ്കെടുക്കേണ്ട എന്ന് തീരുമാനിച്ചു. അതുതന്നെയാണ് തലശ്ശേരി കാർഷിക വികസന ബാങ്കിലും നടന്നത്. ഈ അതിക്രമങ്ങൾ അവസാനിപ്പിക്കുന്നതിന് സാധിക്കണം. ഇവിടെ ജനാധിപത്യ സംവിധാനങ്ങളെ തകിടംമറിച്ച് പോലീസിനെ ഉപയോഗിച്ച് സഹകരണ സംഘങ്ങൾ പിടിച്ചെടുക്കുന്ന നടപടി അങ്ങയുടേയും ജനങ്ങളുടേയും ശ്രദ്ധയിൽ പെടുത്താൻ വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഇവിടെ ഉന്നയിച്ചത്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി): സർ, കണ്ണൂർ ജില്ലാ സഹകരണബാങ്ക് ഭരണസമിതിയിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് 9-3-1996-ന് താവക്കര ഗവൺമെൻറ് യു. പി. സ്കൂളിൽവച്ച് നടക്കുകയായിരുന്നു. പോളിംഗ് തുടങ്ങി കുറെ സമയം കഴിഞ്ഞപ്പോൾ വോട്ടേഴ്സ് ലിസ്റ്റിലുള്ള അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് എൽ. ഡി. എഫ്. പ്രവർത്തകർ പോളിംഗ് സ്റ്റേഷനിൽ ബഹളമുണ്ടാക്കി. പോളിംഗിന് തടസ്സമുണ്ടാക്കുമെന്ന് കണ്ട് റിട്ടേണിംഗ് ഓഫീസർ രേഖാമൂലം നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ ബഹളമുണ്ടാക്കിനിന്ന 23 പേരെ പോളിംഗ് സ്റ്റേഷനിൽനിന്നും നീക്കംചെയ്ത് കണ്ണൂർ ടൗൺ പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേഷനിൽ കൊണ്ടുവന്നു; പിന്നീട് അവരെ വിട്ടയച്ചു. പോളിംഗ് സുഗമമായി നടക്കുകയും എൽ. ഡി. എഫ്.-നേറയും യു. ഡി. എഫ്.-നേറയും പ്രവർത്തകർ സജീവമായി പോളിംഗിൽ പങ്കെടുക്കുകയും ചെയ്തു. അവിടെ മറ്റ് അനിഷ്ട സംഭവങ്ങളൊന്നും ഉണ്ടായിട്ടില്ല.

(8) കേരളത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കണമെന്ന ആവശ്യം

ശ്രീ. പാലോട് രവി: സർ, ഇവിടെ ഒരു ക്രിക്കറ്റ് സ്റ്റേഡിയമില്ലാത്തതുകൊണ്ടാണ് വിൽസ് വേൾഡ് കപ്പിനു കേരളം ഒരു വേദിയായി പരിഗണിക്കപ്പെടാത്തത്. ഇതുകൊണ്ട് പല ഇനത്തിൽ കോടിക്കണക്കിനു രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. മാത്രമല്ല, കേരളം ക്രിക്കറ്റിനു കൊള്ളാത്ത ഒരു സംസ്ഥാനമാണെന്ന ഒരു സംസാരവും ഉണ്ടായിട്ടുണ്ട്. ക്രിക്കറ്റ് സ്റ്റേഡിയമുള്ളതിനാൽ അന്താരാഷ്ട്ര പ്രശസ്തിയാണ് മറ്റ് സംസ്ഥാനങ്ങളിലെ ചെറിയ നഗരങ്ങൾക്കുപോലും ലഭിച്ചിരിക്കുന്നത്. ക്രിക്കറ്റിനു മാത്രം ഉപയോഗിക്കാവുന്ന ഒരു സ്റ്റേഡിയം ഇതുവരെ കേരളത്തിൽ ഉണ്ടായിട്ടില്ല; അതുകൊണ്ട് കളിക്കാർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനും കഴിയുന്നില്ല. തിരുവനന്തപുരത്ത് തിരുവല്ലത്തിനു സമീപം ഒരു ക്രിക്കറ്റ് സ്റ്റേഡിയം പണിയുന്നതിനുവേണ്ടി തിരുവനന്തപുരം വികസന അതോറിറ്റി ചില പ്രവർത്തനങ്ങൾ ആരംഭിച്ചു. ബഡ്ജറ്റ് പ്രസംഗത്തിൽ അത് ചൂണ്ടിക്കാണിക്കുകയും ചെയ്തു. അതിനാവശ്യമായ പണംകൂടി നൽകി നമുക്ക് അന്താരാഷ്ട്ര നിലവാരമുള്ള ഒരു ക്രിക്കറ്റ് സ്റ്റേഡിയം ഉണ്ടാക്കുന്നതിന് ബഹുമാനപ്പെട്ട ഗവൺമെൻറ് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി): സർ, തിരുവനന്തപുരം വികസന അതോറിറ്റി തിരുവനന്തപുരത്ത് ഒരു സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അതിൻെറ ഭാഗമായി ഒരു ക്രിക്കറ്റ് സ്റ്റേഡിയം ഉണ്ടാക്കുന്നകാര്യംകൂടി പരിഗണനയിലുണ്ട്. അതോറിറ്റി ഇതുസംബന്ധമായി കൂടുതൽ പരിപാടികളുമായി മുന്നോട്ടു പോയാൽ ഗവൺമെൻറും വേണ്ട സഹായങ്ങൾ നൽകാം. തീർച്ചയായും തിരുവനന്തപുരത്ത് മാത്രമല്ല, എറണാകുളം പോലുള്ള മറ്റ് പട്ടണങ്ങളിലും ക്രിക്കറ്റിനു വർദ്ധിച്ചുവരുന്ന ജനപ്രീതി പരിഗണിച്ച് ആവശ്യമായ എല്ലാ സംവിധാനങ്ങളുമുണ്ടാക്കുന്നതിനു ഗവൺമെൻറിനേതായിട്ടുള്ള പങ്കാളിത്തം തീർച്ചയായും ഉണ്ടാകുമെന്ന് ഞാൻ പറയുന്നു.

(9) ഏഴിമല നേവൽ അക്കാഡമി

ശ്രീ. സി. പി. നാരായണൻ: സർ, ദേശീയ പ്രാധാന്യമുള്ള ഒരു പദ്ധതിയാണ് ഏഴിമല നാവിക അക്കാഡമി. 1982-ലാണ് ഏറെ ദേശീയ പ്രാധാന്യമുള്ള ഈ പദ്ധതി കേരളത്തിനു ശ്രീമതി ഇന്ദിരാഗാന്ധി നൽകിയത്. 14 വർഷം കഴിഞ്ഞിട്ടും വാഗ്ദാനം മാത്രമായി നിലനിൽക്കുകയാണ് നേവൽ അക്കാഡമി നിർമ്മാണം. നൂറു കണക്കിനു കുടുംബങ്ങളെ ഒഴിപ്പിച്ചാണ് പ്രസ്തുത സ്ഥലം വിട്ടുകൊടുത്തിട്ടുള്ളത്. എല്ലാ വർഷവും ഞാൻ ഈ കാര്യം നിയമസഭയിൽ ഉന്നയിക്കാറുണ്ട്. 1993-ൽ

LIBRARY ARCHIVES Kerala Legislative Assembly